**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3323** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് വിതരണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് അടിസ്ഥാന രേഖയായി കണക്കാക്കുന്ന റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ വകുപ്പ് 2(16) പ്രകാരം പൊതുവിതരണ സമ്പ്രദായത്തിൽ അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ കൈപ്പറ്റുന്നതിനുള്ള ഒരു ആധികാരികരേഖ മാത്രമാണ് റേഷൻകാർഡ്. നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. പുതിയ കാർഡിനുള്ള അപേക്ഷകളിൽ അന്വേഷണം ആവശ്യമില്ലാത്തവ സമയബന്ധിതമായും ശേഷിക്കുന്നവ അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കും തീർപ്പ് കൽപ്പിച്ച് വരുന്നു. പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് മുൻഗണനേതര നോൺസബ്സിഡി വിഭാഗത്തിൽ ഉൾപ്പെടുത്തിയാണെങ്കിലും മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 - ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തി അതുപ്രകാരമുള്ള റേഷൻകാർഡ് അനുവദിച്ച് വരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മുൻഗണന കാർഡുകളുടെ എണ്ണം പരിമിതമായതിനാലും ലിസ്റ്റിലെ അനർഹരെ ഒഴിവാക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാലും ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ മുൻഗണന കാർഡുകൾക്കുള്ള അപേക്ഷ തീർപ്പാക്കാൻ കഴിയൂ. |
| (ബി) | പുതിയ റേഷൻ കാർഡുകൾക്കായി നൽകിയ അപേക്ഷകൾ തീർപ്പാകാതെ വിവിധ സിവിൽ | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | സപ്ലൈസ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നുണ്ടോ; | | |
| (സി) | എങ്കിൽ ഇവ സമയബന്ധിതമായി തീർപ്പാക്കി എല്ലാവർക്കും റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ